തെളിഞ്ഞിട്ടുണ്ട്. അംഗീകൃത മെഡിക്കൽ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം പരാമർശിക്കുന്നുണ്ട്. ഈ വാക്സിൻ എല്ലാ രാജ്യങ്ങളും നൽകണമെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ശിപാർശ ചെയ്യുന്നുണ്ട്.

(ബി) എം.എം.ആർ. വാക്സിൻ നിർബന്ധിത വാക്സിനല്ല. മുണ്ടിനീര്, മീസിൽസ് അഥവാ മണ്ണൻ, റൂബെല്ലാ എന്നീ രോഗങ്ങളുടെ പ്രതിരോധങ്ങൾക്കാണ് ഈ വാക്സിൻ നൽകുന്നത്. ഈ വാക്സിൻ ഫലപ്രദമല്ലായെന്ന് ഒരു പഠന റിപ്പോർട്ടും ലഭിച്ചിട്ടില്ല.

(സി) റൂബെല്ലാ രോഗം മാരകമല്ല. ഗർഭാവസ്ഥയിൽ മാതാവിന് റൂബെല്ലാ രോഗബാധയേറ്റാൽ കുഞ്ഞുങ്ങളുടെ ഹൃദയം, കണ്ണ്, ചെവി, തലച്ചോറ് എന്നീ അവയവങ്ങൾക്ക് ജന്മനാ വൈകല്യമുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് വൈദ്യശാസ്ത്രത്തിൽ കൺജനിറ്റൽ റൂബെല്ലാ സിൻഡ്രോം എന്ന പേരിൽ അംഗീകൃതമായ വസ്തുതയാണ്.

ഈ വാക്സിൻ ഗർഭിണിയായിരിക്കുമ്പോൾ കൊടുക്കാൻ പാടില്ല.

കൗമാരപ്രായത്തിൽ വാക്സിൻ നൽകിയാൽ പ്രതിരോധശേഷി നേരത്തെ കൈവരിക്കുന്നതുകൊണ്ട് രോഗം പൂർണമായും തന്നെ തടയാൻകഴിയും. കേരളത്തിൽ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ മുഴുവനും ഹൈസ്കൂൾ തലത്തിലൂടെ കടന്നുവരുന്നതുകൊണ്ട് ഈ വാക്സിൻ ഈ സമയത്ത് നൽകിയാൽ മുഴുവൻ പേർക്കും ഫലപ്രദമായി ഉപയോഗപ്രദമാകും.

## നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേക സ്വയം തൊഴിൽ പദ്ധതി

10 (*370) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയംതൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സൗദി സർക്കാരിന്റെ നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട പിന്നോക്ക വിഭാഗക്കാർക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒരു പ്രത്യേക സ്വയംതൊഴിൽ വായ്പാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പായായി പരമാവധി 10 ലക്ഷം രൂപ 3% പലിശ നിരക്കിൽ 84 മാസം കൊണ്ട് തിരിച്ചടയ്ക്കുന്ന വ്യവസ്ഥയിൽ നൽകുകയാണ് ഉദ്ദേശ്യലക്ഷ്യം.

(സി) നിയമപരമായി ആരംഭിക്കുവാൻ സാധിക്കുന്നതും വിജയസാധ്യതയുള്ളതുമായ ഉല്പാദന സേവന മേഖലകളിലെ ഏതു സംരംഭത്തിനും ഈ പദ്ധതിപ്രകാരം വായ്പ നൽകുന്നുണ്ട്.

(ഡി) സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഡാം സൈറ്റുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ പദ്ധതി

11 (*371) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി രമണീയമായ ഡാം സൈറ്റുകൾ മോടിപിടിപ്പിച്ച് ടൂറിസ്റ്റു കേന്ദ്രങ്ങളാക്കി മാറ്റാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഡാം സൈറ്റുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ജലസേചന വകുപ്പിന്റെയും, വൈദ്യുതി വകുപ്പിന്റെയും ഇത്തരത്തിലുള്ള ഡാം സൈറ്റുകളും, ചെക്ക് ഡാം പ്രദേശങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളാക്കാൻ പ്രസ്തുത വകുപ്പുകളുമായി ചേർന്ന് സമഗ്രമായ ഒരു വിനോദസഞ്ചാര കേന്ദ്ര വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈഡൽ ടൂറിസം സെന്റർ മുഖേന പരിസ്ഥിതിക്ക് കോട്ടംതട്ടാതെ പ്രകൃതിയോട് പൂർണ്ണമായും ഇണങ്ങുന്ന രീതിയിൽ ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നടത്തിവരുന്നു.

(ബി) ഇടുക്കി ജില്ലയിൽ മൂന്നാറിൽ ഹെഡ് വർക്ക്സ് മാട്ടുപ്പെട്ടി ഡാം, കുണ്ടള ഡാം, ശെങ്കുളം ഡാം, എക്കോ പോയിന്റ്, വയനാട് ജില്ലയിൽ ബാണാസുരസാഗർ ഡാം, തിരുവനന്തപുരം ജില്ലയിൽ പാലോടിന് സമീപമുള്ള ലോവർ മീൻമുട്ടി ഡാം എന്നീ ഡാം പ്രദേശങ്ങളിലാണ് ടൂറിസം പ്രവർത്തനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly